(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) രേണഘടനാ വ്യവസ്ഥകളനുസരിച്ച് ഈവക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം പബ്ലിക് സർവ്വീസ് കമ്മീഷനു തന്നെയാണ്. അതിനാൽ പി.എസ്.സി. നടത്തുന്ന തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളും ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോഴും ഗവൺമെൻറിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പി.എസ്.സി. യുടെ അപേക്ഷാ ഫാറത്തിൽ വാർഷിക വരുമാനം കാണിക്കാൻ നടപടി

* 570 [606] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി.യുടെ എല്ലാ അപേക്ഷാഫാറത്തിലും കുടുംബത്തിന്റെ വാർഷികവരുമാനം കാണിക്കുന്ന കോളം ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): നിലവിലുള്ള സാഹചര്യങ്ങളിൽ അതിന്റെ ആവശ്യം ഉണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

രാഷ്ട്രീയ സംഘർഷം

* 571 [607] ശ്രീ. സേവ്യർ അറയ്ക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 മാസത്തിനുള്ളിൽ രാഷ്ട്രീയ സംഘർഷം മൂലം എവിടെയെങ്കിലും ഭീകരാവസ്ഥ സൃഷ്ടിക്കപ്പെട്ടതായി പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) അത്തരം പരാതികൾ ഉണ്ടായതായിട്ടറിവില്ല.

(ബി) ഉദിക്കുന്നില്ല.

വനിതാ പോലീസ്

* 572 [608] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വനിതാ പോലീസുകാരുണ്ട്;

(ബി) വനിതാപോലീസുകാരുടെ എണ്ണം കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടണപ്രദേശങ്ങളിലുള്ള പോലീസ് സ്റ്റേഷനുകളിലും വനിതാപോലീസുകാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) 263.

(ബി) ഇപ്പോൾ ഉദ്ദേശമില്ല.

(സി) കോഴിക്കോട് സിറ്റിയിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. മറ്റുള്ള പട്ടണപ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാരെ നിയമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തുന്നതിനെതിരായി ലഭിച്ചിട്ടുള്ള പരാതി

* 573 [609] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തുന്നതിനെതിരായി ഏതെങ്കിലും സംഘടനകളോ വ്യക്തികളോ ഗവൺമെൻറിന് പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെല്ലാം;

(സി) പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) ഇല്ല. എന്നാൽ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർ, അണ്ടർസെക്രട്ടറി മുതലായ ഉയർന്ന തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തുന്നതുമൂലം ഈ തസ്തികകളിലേക്ക് സാധാരണഗതിയിൽ പ്രമോഷൻ കിട്ടാൻ കാത്തിരിക്കുന്നവർക്ക് ഇതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും മറ്റും ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റ് ജീവനക്കാരിൽ നിന്നും, സെക്രട്ടേറിയറ്റ് സർവ്വീസസ് അസോസിയേഷൻസ് കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ നിന്നും.

(സി) ഇതോടനുബന്ധമായി ചേർത്തിട്ടുണ്ട്*.

അയിത്താചരണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ

* 574 [610] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിത്തം ആചരിക്കുന്നതു സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ 1977 ജനുവരിക്കുശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്രപേരെ ഇതോടനുബന്ധിച്ച് ശിക്ഷിച്ചിട്ടുണ്ട്;

(സി) അവയിൽ ഇനിയും എത്ര എണ്ണത്തിൻെറ തീരുമാനമെടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

---

* അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly